കർമ്മല കുസുമം

# രൂപതകളുടെ സ്ഥാപനവും വിഭജനവും നിർത്തലാക്കലും പൗരസ്ത്യകാനൻ നിയമത്തിൽ

ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ.

**1. ആമുഖം**

2020 ഡിസംബറിൽ യാത്ര പബ്ലിക്കേഷൻസ് പുറത്തിറക്കിയതും അധികം ശ്രദ്ധിക്കപ്പെടാതെ പോയതുമായ ഒരു ഗ്രന്ഥമാണ് *ഈശോസഭ കേരളത്തിൽ 1542-2018*. 1540 ൽ ഇഗ്നേഷ്യസ് ലയോളയാൽ സ്ഥാപിക്കപ്പെട്ട ആ സന്യാസസഭയിലെ മിഷനറിമാർ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ നേതൃത്വത്തിൽ 1542 ൽ തന്നെ ഇന്ത്യയിൽ എത്തിച്ചേരുകയുണ്ടായി. ആ സഭാംഗങ്ങളുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനത്തിന്റെ ചരിത്രാഖ്യാനം മൂന്ന് ഭാഗങ്ങളിലായാണ് പ്രസ്തുത ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. അതിൽ ഒന്നാം ഭാഗം 1542 മുതൽ ഈശോസഭ നിരോധിക്കപ്പെട്ട 1773 വരെയുള്ള ചരിത്രം വിവരിക്കുമ്പോൾ, രണ്ടാം ഭാഗത്ത് 1773 ജൂലൈ 21-ാം തീയതി ക്ലെമന്റ് പതിനാലാമൻ മാർപാപ്പ ഈശോസഭയെ നിർത്തലാക്കിയപ്പോൾ മുതൽ 1814 ൽ പ്രസ്തുത സന്യാസസഭയെ മാർപാപ്പ പുനഃസ്ഥാപിക്കുന്നതുവരെയുള്ള കാലഘട്ടത്തെപ്പറ്റിയും മൂന്നാം ഭാഗത്ത് 1814 മുതലുള്ള ചരിത്രവുമാണ് വിവരിച്ചിരിക്കുന്നത്. ഇത് വായിക്കുമ്പോൾ അനുവാചകരുടെ മനസ്സിൽ ആദ്യമേ വരുന്ന ചോദ്യം, ലോകത്തിലെ ഏറ്റവും ശക്തമായ സന്യാസസഭയായ ഈശോസഭയെ മാർപാപ്പയ്ക്ക് എങ്ങനെ നിർത്തലാക്കുവാൻ (suppress) സാധിച്ചു എന്നതായിരിക്കും. കത്തോലിക്കാ സഭയിലെ ഏതൊരു രൂപതയേയും വിഭജിക്കുവാനോ നിർത്തലാക്കുവാനോ മാർപാപ്പയ്ക്ക് അധികാരമുള്ളതുപോലെതന്നെ, കത്തോലിക്കാ സഭയിലെ ഏതൊരു സന്യാസസഭയുടെയും ഭരണം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ വഴി ഏറ്റെടുക്കുവാനോ, പ്രസ്തുത സഭ തന്നെ നിർത്തലാക്കുവാനോ മാർപാപ്പയ്ക്ക് അധികാരമുണ്ട്. കത്തോലിക്കാ സഭയിൽനിന്ന് ഏതൊരംഗത്തിനും സ്വതന്ത്ര തീരുമാനത്തോടുകൂടി പുറത്തു പോകാവുന്നതാണ്. എന്നാൽ, സഭാംഗമായി തുടങ്ങുന്നിടത്തോളം കാലം ആ സഭയുടെ നിയമങ്ങൾ അനുസരിച്ചേ മതിയാവൂ.

ഈശോസഭയെ നിർത്തലാക്കിയ മാർപാപ്പയുടെ നടപടിയെപ്പറ്റി ഇവിടെ പരാമർശിക്കുവാനുള്ള കാരണം, അടുത്തകാലത്ത് സീറോ-മലബാർ സഭയുടെ പെർമനന്റ് സിനഡ് വത്തിക്കാനിലെ പൗരസ്ത്യ കാര്യാലയത്തിന്റെ പ്രീഫെക്ടുമായും വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറിയുമായും ഉള്ള ചർച്ചകൾക്കായി നടത്തിയ റോമായാത്രയും അതിനോടനുബന്ധിച്ചുള്ള ചില ഊഹാപോഹങ്ങളും പ്രചരണങ്ങളുമാണ്. എറണാകുളം-അങ്കമാലി അതിരൂപതയുടെ വിഭജനസംബന്ധിയായ പല വാർത്തകളും അത്തരുണത്തിൽ മാധ്യമങ്ങളിൽ നിറഞ്ഞാടുകയായിരുന്നു. വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാട് എന്ന് പറയുന്നതുപോലെ, ഏറ്റവും ആധികാരികമായുള്ള വിവരങ്ങളാണ് തങ്ങൾക്കുള്ളതെന്ന രീതിയിൽ യൂട്യൂബിലൂടെയുള്ള വീഡിയോകളുടെ അതിപ്രസരങ്ങൾ കണ്ടപ്പോൾ, എങ്ങനെയും രണ്ട് കാശ് തങ്ങളുടെ വീഡിയോകൾ വഴി തരപ്പെടുത്തുവാനുള്ള ചില അവസരവാദികളുടെ ത്വര മാത്രമാണത് എന്ന തോന്നലാണുണ്ടായത്. കാരണം, അവയിലൊന്നിൽപോലും രൂപതകളുടെ വിഭജനസംബന്ധിയായ കത്തോലിക്കാ തിരുസ്സഭയിലെ നിലവിലിരിക്കുന്ന നിയമത്തിന്റെ വിശകലനമൊന്നും കാണുവാൻ സാധിച്ചില്ല എന്നതുതന്നെ.

1968 ൽ സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ കാൾ റാനർ (Karl Rahner) *സാഹസത്തിന്റെ ദൈവശാസ്ത്രം* (*The Theology of Risk*) എന്ന പേരിൽ *Furrow* എന്ന ഐറിഷ് ദൈവശാസ്ത്ര വാർത്താപത്രികയിൽ (Irish Theological Journal) ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. ആനുകാലിക സഭയെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന പ്രശ്നപരിഹാരത്തിനായി ധീരോചിതമായ സാഹസ തീരുമാനങ്ങൾ കത്തോലിക്കാ തിരുസ്സഭ എടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയായിരുന്നു ആ ലേഖനം. 1968, യൂറോപ്പിലെ സർവകലാശാലകളിലെ നിയമനിരാസത്തിന്റെയും ഹിപ്പി പ്രസ്ഥാനത്തിന്റെയും കാലഘട്ടത്തിന്റെ തുടക്കമായിരുന്നു എന്നത് ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ കൂട്ടമായി, നിലവിലിരിക്കുന്ന നിയമവ്യവസ്ഥിതികളെ തള്ളിപ്പറഞ്ഞുകൊണ്ട്, അരാജകവാദവുമായി ഇറങ്ങിയതിന്റെ പ്രത്യക്ഷീകരണമായിരുന്നല്ലോ "ഹിപ്പി" സംസ്കാരം. തങ്ങൾ ആരെയും അനുസരിക്കുകയില്ലെന്നും നിലവിൽ നിൽക്കുന്ന സാമൂഹിക രാഷ്ട്രീയ ഭരണസംവിധാന ങ്ങൾക്ക് തങ്ങൾ പുല്ലുവിലയെ കൊടുക്കുകയുള്ളൂ എന്നും പ്രഖ്യാപിക്കുകയായിരുന്നു അവർ തങ്ങളുടെ

വസ്ത്രധാരണ ജീവിതശൈലികളിലൂടെ ചെയ്തത്. പാശ്ചാത്യ യൂറോപ്യൻ സാംസ്കാരിക ജീവിത മൂല്യങ്ങളെ മുഴുവൻതന്നെ കീഴ്മേൽ മറിക്കുവാനും വ്യക്തിജീവിതത്തിലെയും കുടുംബജീവിത ത്തിലെയും നൂറ്റാണ്ടുകളായി നിലനിന്നിരുന്ന വളരെയധികം നല്ല മൂല്യങ്ങളെയും തച്ചുടക്കുന്നതുമായിരുന്നു ജർമ്മനിയിലെയും ഇറ്റലിയിലെയും കലാലയങ്ങളിൽ ആരംഭിച്ച് പാശ്ചാത്യ ലോകം മുഴുവൻ പടർന്ന 1968 ലെ സാംസ്കാരിക വിപ്ലവം അഥവാ മൂല്യച്യുതി. ഈ അപഭ്രംശം യുവജനങ്ങളുടെയിടയിൽ ആളിക്കത്തുന്നത് കണ്ടപ്പോഴാണ് കാൾ റാനർ "സാഹസത്തിന്റെ ദൈവശാസ്ത്ര" വീക്ഷണവുമായി ഇറങ്ങിത്തിരിക്കുന്നത്.

സീറോ-മലബാർ സഭയിലെ പ്രത്യേകിച്ച് എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രകടമായ നിയമ നിരാസ പ്രവർത്തനങ്ങളും അനുസരണക്കേടുകളും സർവസീമകളെയും അതിലംഘിച്ചുകൊണ്ട് മുന്നേറുകയും അനുസരണക്കേടിനെ ആദർശവൽക്കരിക്കുന്ന, സഭാവിരുദ്ധശക്തികളുടെ ചട്ടുകങ്ങളായ വൈദികരും അത്മായരും ഗോൾഡൻ വീസ പോലുള്ള 30 നാണയങ്ങൾ വാങ്ങിക്കൂട്ടി കത്തോലിക്കാ തിരുസ്സഭയാകുന്ന അമ്മയെ ഒറ്റുകൊടുക്കുന്നതിൽ ഊറ്റംകൊള്ളുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ, മാർപാപ്പയോ, പൗരസ്ത്യ കാര്യാലയമോ, സീറോ-മലബാർ സ്ഥിര സിനഡോ "സാഹസത്തിന്റെ ദൈവശാസ്ത്ര"ത്തിന്റെ ഭാഗമായി കേരളസഭാനൗകയെ കേരളത്തിന്റെ 1968 പ്രസ്ഥാനത്തിൽ നിന്നും രക്ഷിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി, എറണാകുളം-അങ്കമാലി അതിരൂപതയെ ഗ്രസിച്ചിരിക്കുന്ന മാരകമായ അർബുദത്തിനുള്ള ചികിത്സയായി ഒരു 'ഓപ്പറേഷൻ' അഥവാ കീറിമുറിക്കലിനെപ്പറ്റി ചിന്തിക്കുകയോ, ചർച്ച ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതമില്ല. ഈ പശ്ചാത്തലത്തിലാണ് ഒരു രൂപതയുടെ സ്ഥാപനത്തെയും വിഭജനത്തെയും പറ്റി കാനൻനിയമം എന്ത് നിർദ്ദേശിക്കുന്നു എന്ന ചർച്ച വളരെ പ്രസക്തമാകുന്നത്.

**2. രൂപതയുടെ സ്ഥാപനവും വിഭജനവും നിർത്തലാക്കലും പൗരസ്ത്യകാനൻ നിയമത്തിൽ**

പൗരസ്ത്യ കാനോനസംഹിതയിലെ 85-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇങ്ങനെ വ്യക്തമാക്കുന്നു: "ഗൗരവമായ കാരണമുള്ളപ്പോൾ പാത്രിയാർക്കൽ സഭയിലെ മെത്രാന്മാരുടെ സിനഡിന്റെ സമ്മതത്തോടെ, ശ്ലൈഹിക സിംഹാസനവുമായി ആലോചിച്ചതിനുശേഷം, പ്രവശ്യകളും രൂപതകളും സ്ഥാപിക്കുവാനും അവയുടെ അതിർത്തികൾക്ക് മാറ്റം വരുത്തുവാനും അവയെ ഏകീകരിക്കുവാനും വിഭജിക്കുവാനും നിർത്തലാക്കുവാനും അധികാര ശ്രേണിയിൽ അവയ്ക്കുള്ള പദവിക്ക് മാറ്റം വരുത്തുവാനും രൂപതാ സിംഹാസനം മാറ്റി സ്ഥാപിക്കുവാനും പാത്രിയാർക്കീസിന് കഴിയും." 152-ാം കാനോനയനുസരിച്ച്, പൗരസ്ത്യ കാനോനസംഹിതയിൽ പാത്രിയാർക്കീസിനെപ്പറ്റിയോ പാത്രിയാർക്കൽ സഭകളെപ്പറ്റിയോ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകളെ സംബന്ധിച്ചും മേജർ ആർച്ച് ബിഷപ്പുമാരെ സംബന്ധിച്ചും ബാധകമാകയാൽ, സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് ആയ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്, സീറോ-മലബാർ സഭയുടെ സിനഡിന്റെ സമ്മതത്തോടും ശ്ലൈഹിക സിംഹാസനത്തിന്റെ അഭിപ്രായം ആരാഞ്ഞശേഷവും സീറോ-മലബാർ സഭയുടെ സ്വയംഭരണാവകാശമുള്ള സ്ഥലങ്ങളി (proper territory) ലുള്ള രൂപതകളുടെ അതിർത്തികൾക്ക് മാറ്റം വരുത്തുവാനും അവയെ ഏകീകരിക്കുവാനും വിഭജിക്കുവാനും നിർത്തലാക്കുവാനും അധികാര ശ്രേണിയിൽ അവയ്ക്കുള്ള പദവിക്ക് മാറ്റം വരുത്തുവാനും രൂപതാ സിംഹാസനം മാറ്റി സ്ഥാപിക്കുവാനും നൈയാമികമായി സാധിക്കും. ലത്തീൻ സഭയിൽ മാർപാപ്പയിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന ഈ അധികാരം, പൗരസ്ത്യ സഭകളുടെ സ്വയം ഭരണാധികാരത്തിന്റെ (sui iuris) ഭാഗമായി പാത്രിയാർക്കീസുമാർക്കും മേജർ ആർച്ച് ബിഷപ്പുമാർക്കും നൽകപ്പെട്ടിരിക്കുന്നു. പുതിയ രൂപതകൾ സ്ഥാപിക്കുക തുടങ്ങി തത്സംബന്ധമായ എല്ലാ അധികാരങ്ങളും രണ്ട് നിബന്ധനകൾക്ക് വിധേയമായി എല്ലാ പാത്രിയാർക്കീസുമാർക്കും മേജർ ആർച്ച് ബിഷപ്പുമാർക്കും നൽകപ്പെട്ടിരിക്കുന്നത് സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പിനും ഉണ്ട് എന്നുള്ളത് നിസ്തർക്കിതമാണല്ലോ.

**3. രൂപതകൾ സ്ഥാപിക്കുന്നതിനും വിഭജിക്കുന്നതിനും നിർത്തലാക്കുന്നതിനും ആവശ്യമായ നിബന്ധനകൾ**

സീറോ-മലബാർ സഭയുടെ പിതാവും തലവനുമായ മാർ ജോർജ് ആലഞ്ചേരി പിതാവിന് പ്രസ്തുത സഭയുടെ അതിർത്തിക്കുള്ളിൽ പുതിയ രൂപത സ്ഥാപിക്കുന്നതിനോ, ഉള്ള രൂപതകൾ വിഭജിക്കുന്നതിനോ, അതിർത്തികൾക്ക് മാറ്റം വരുത്തുന്നതിനോ രണ്ടേ രണ്ട് നിബന്ധനകൾ മാത്രമേ നിയമം അനുശാസിക്കുന്നുള്ളൂ. അവ: 1) സീറോ മലബാർ സഭയുടെ സിനഡിന്റെ സമ്മതം; 2) ഈ വിഷയത്തിൽ ശ്ലൈഹിക സിംഹാസനത്തിന്റെ ആലോചന ചോദിക്കൽ. CCEO c. 934, §1, 2° പ്രകാരം "ഒരു നൈയാമിക പ്രവൃത്തി ചെയ്യുന്നതിന് അധികാരിക്ക് ഒരു സംഘത്തിലെ വ്യക്തികളുടെ... ആലോചനയാണ് ആവശ്യപ്പെട്ടിരിക്കുന്നതെങ്കിൽ, അധികാരി പ്രസ്തുത വ്യക്തികളുമായി ആലോചിക്കുന്നില്ലാത്ത

സാഹചര്യത്തിൽ നൈയാമികപ്രവൃത്തി അസാധുവായിരിക്കും. പൗരസ്ത്യകാനോന സംഹിതയിലെ 934-ാം കാനോനയനുസരിച്ച്, സിനഡിന്റെ അംഗീകാരം ഐക്യകണ്ഠേന ഉള്ളതാവണമെന്നില്ല. പ്രത്യുത, സിനഡിൽ സമ്മേളിക്കുന്ന അംഗങ്ങളിൽ കേവലഭൂരിപക്ഷം (absolute majority) കിട്ടിയാൽ മതിയാകും. കേവലഭൂരിപക്ഷമെന്ന് പറയുന്നത് അമ്പത് ശതമാനത്തിന് മുകളിൽ എന്നാണ് മനസ്സിലാക്കേണ്ടത്. അല്ലാതെ 50%+1 എന്നല്ല. അല്പംകൂടി വിശദമാക്കുവാൻ ഒരു ഉദാഹരണം കൂടുതൽ ഉപകരിക്കും. അതായത് സിനഡിൽ പങ്കെടുത്തവർ 55 പേരാണെങ്കിൽ അതിലെ കേവലഭൂരിപക്ഷമെന്ന് പറയുന്നത് 28 ആണ്; അല്ലാതെ 50% ആയ 27½ യോട് കൂടി ഒന്ന് ചേർത്താൽ കിട്ടുന്ന 28½ കണക്ക് ഒപ്പിക്കുമ്പോൾ കിട്ടുന്ന 29 അല്ല.

2023 ഏപ്രിൽ പതിനാറാം തീയതി ഫ്രാൻസിസ് മാർപാപ്പ, തന്റെ "യാം പ്രീഡെം" (Iam Pridem) എന്ന നിയമപരിഷ്കാരത്തിലൂടെ പൗരസ്ത്യകാനോന സംഹിതയിലെ 66, 102, 149, 183 എന്നീ കാനോനകളിൽ മാറ്റം വരുത്തുകയുണ്ടായി. 2023 മെയ് 16-ാം തീയതി നിലവിൽ വന്ന ഈ നിയമപരിഷ്കാരത്തിലൂടെ പൗരസ്ത്യ സഭകളുടെ മെത്രാൻ സിനഡിൽ ഇലക്ഷനിൽ ഉൾപ്പെടെ വോട്ട് ചെയ്യുവാൻ റിട്ടയർ ചെയ്ത മെത്രാന്മാരിൽ 80 വയസ്സ് പൂർത്തിയാകാത്തവർക്ക് മാത്രമേ അവകാശമുണ്ടായിരിക്കൂ എന്ന് തിരുത്തിയതും ഇവിടെ ആനുഷാംഗികമായി പരാമർശിക്കുന്നത് ഉപകാരപ്രദമെന്ന് തോന്നുന്നു.

ഏതായാലും സീറോ മലബാർ സഭയുടെ സ്ഥിര സിനഡ് അംഗങ്ങൾ എല്ലാവരുംകൂടി വത്തിക്കാനിൽ പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടും സ്റ്റേറ്റ് സെക്രട്ടറിയുമായി ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ടെങ്കിൽ ശ്ലൈഹിക സിംഹാസനവുമായിട്ടുള്ള ആലോചന എന്ന നിബന്ധന പൂർത്തിയായിട്ടുണ്ടാവാം. അഥവാ, 2023 ആഗസ്റ്റ് മാസത്തിലെ സിനഡിനുശേഷം വിശദാംശങ്ങൾ അറിയിക്കണമെന്നോ മറ്റോ ഉള്ള നിർദ്ദേശങ്ങളും നൽകപ്പെട്ടിട്ടുണ്ടാകാം. ഏതായാലും സ്ഥിര സിനഡ് അംഗങ്ങൾക്ക് മാർപാപ്പയെ കാണുവാൻ സാധിക്കാത്തത് ഒരു വലിയ പരാജയമായി വിശേഷിപ്പിക്കുന്ന വിമതർ മനസ്സിലാക്കുവാൻ പരാജയപ്പെടുന്ന കാര്യം ശ്ലൈഹിക സിംഹാസനവുമായുള്ള ചർച്ചയ്ക്ക് മാർപാപ്പയെ കാണേണ്ട ആവശ്യമില്ല എന്നതാണ്.

പൗരസ്ത്യകാനോന സംഹിതയിലെ 48-ാം കാനോന ഇങ്ങനെ വ്യക്തമാക്കുന്നു: "നിയമത്തിൽ മറിച്ച് നിർദ്ദേശിക്കപ്പെടുകയോ, സംഗതിയുടെ സ്വഭാവം മറിച്ച് സ്ഥാപിക്കപ്പെടുകയോ ചെയ്യുന്നില്ലെങ്കിൽ ഈ നിയമസംഹിതയിൽ "അപ്പസ്തോലിക സിംഹാസനം", "പരിശുദ്ധ സിംഹാസനം" എന്നീ പേരുകളിൽ ദ്യോതിപ്പിക്കുന്നത് റോമാ മാർപാപ്പയെ മാത്രമല്ല, റോമൻ കൂരിയായുടെ ഉപകാര്യാലയങ്ങളെയും (dicasteries) മറ്റ് സ്ഥാപനങ്ങളെയും കൂടിയാണ്."

നിയമവ്യവസ്ഥയിൽ എപ്പോഴും പാലിക്കപ്പെടേണ്ട ഒരു തത്വമാണ് Principle of Subsidiarity എന്നത്. അതായത് താഴ്ന്ന തലത്തിലുള്ള ഒരു അധികാരിക്ക് ചെയ്യുവാൻ നിയമപരമായ അധികാരമുള്ള ഒരു കാര്യത്തിൽ ഉന്നതാധികാരി ഇടപെടാതിരിക്കുക എന്നതാണ് ഈ തത്വത്തിന്റെ കാതൽ. സീറോ-മലബാർ സഭയിൽ മേജർ ആർച്ച് ബിഷപ്പിന്റെ അധികാരപരിധിയിൽപ്പെട്ട കാര്യങ്ങളായി പൗരസ്ത്യകാനോന സംഹിതവഴി കത്തോലിക്കാ തിരുസ്സഭയുടെ ഇഹലോകത്തിലെ പരമാധികാരിയും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പായാൽ കൽപ്പിച്ചു നൽകിയിട്ടുള്ള അധികാരങ്ങളാണ്: 1) പ്രവിശ്യകളും രൂപതകളും സ്ഥാപിക്കുക; 2) അവയുടെ അതിർത്തികൾക്ക് മാറ്റം വരുത്തുക; 3) പ്രവിശ്യകളെയും രൂപതകളെയും ഏകീകരിക്കുക; 4) പ്രവിശ്യകളെയും രൂപതകളെയും വിഭജിക്കുക; 5) പ്രവിശ്യകളും രൂപതകളും നിർത്തലാക്കുക; 6) അധികാരശ്രേണിയിൽ അവയ്ക്കുള്ള പദവിക്ക് മാറ്റം വരുത്തുക; 7) രൂപതാസിംഹാസനം മാറ്റി സ്ഥാപിക്കുക എന്നിവ. ഈ കാര്യങ്ങളെല്ലാം മേജർ ആർച്ച് ബിഷപ്പിന് ചെയ്യാൻ നിയമം അനുവാദം നൽകുന്നതിനാൽ അവയിലൊരു കാര്യത്തിനും മാർപാപ്പ നേരിട്ട് ഇടപെട്ട് ഡിക്രി പുറപ്പെടുവിക്കേണ്ട കാര്യമില്ലതാനും.

85-ാം കാനോനയിൽ കാണുന്ന രണ്ട് നിബന്ധനകളിൽ രൂപതാ വൈദികരെയോ, അത്മായരെയോ കേൾക്കണമെന്നോ അവരുടെ സമ്മതം വേണമെന്നോ, അവരോട് ആലോചന ചോദിക്കണമെന്നോ കാണുന്നില്ല. 1896 ൽ തൃശ്ശൂർ, കോട്ടയം വികാരിയാത്തുകളിൽ നിന്ന് വിഭജിച്ച് എറണാകുളം വികാരിയാത്ത് സ്ഥാപിച്ചപ്പോഴോ, 1923 ൽ എറണാകുളം അതിരൂപതയായി ഉയർത്തപ്പെട്ടപ്പോഴോ, 1956 ജൂലൈ 29-ാം തീയതി എറണാകുളം അതിരൂപതയെ വിഭജിച്ച് കോതമംഗലം രൂപത സ്ഥാപിച്ചപ്പോഴോ, 1993 ജനുവരി 29-ാം തീയതി എറണാകുളം അതിരൂപതയെ എറണാകുളം-അങ്കമാലി എന്ന് മാറ്റിയപ്പോഴോ ഈ വിധത്തിൽ രൂപതാ വൈദികരെയോ, അല്മായരെയോ കേട്ടിട്ടില്ലായെങ്കിൽ ഇനിയും അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. സീറോ-മലബാർ സഭ ഇന്നുള്ള ഒരു രൂപതയുടെയും സ്ഥാപനമോ വിഭജനമോ വൈദികരുടെയും അത്മായരുടെയും ഇടയിൽ നടത്തിയ അഭിപ്രായ വോട്ടെടുപ്പിലൂടെ ആയിരുന്നില്ലല്ലോ നടത്തിയത്. നിയമവ്യവസ്ഥയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ കൃത്യമായി പാലിച്ചുള്ള

ഏതൊരു നൈയാമിക പ്രവൃത്തിയും സാധുവും നിയമാനുസൃതവുമായി ആണ് പരിഷ്കൃതലോകം പരിഗണിക്കുക. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ കാല് വെട്ടുമെന്ന് ഭീഷണിപ്പെടുത്തിയ അത്മായ പ്രമുഖൻ, സ്വയം മാർപാപ്പ ചമഞ്ഞുകൊണ്ട്, നവമാധ്യമങ്ങളിലൂടെ ആക്രോശിക്കുകയും അലറുകയും മുക്രയിടുകയും ചെയ്യുന്നതല്ലല്ലോ കത്തോലിക്കാ സഭയുടെ തീരുമാനങ്ങളും നിയമവ്യവസ്ഥയും. അങ്ങനെയുള്ള അദ്ദേഹത്തിന്റെ ശബ്ദകോലാഹലങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ഷേക്സ്പിയറിന്റെ വാക്കുകളാണ് മനോമുകരത്തിൽ തെളിഞ്ഞു വരുന്നത്: "full of sound and fury signifying nothing." കൂട്ടത്തിൽ സഹതാപം മാത്രം: ജീവിക്കാനായുള്ള പെടാപ്പാടിൽ തന്റെ സ്പോൺസറിനെ തൃപ്തിപ്പെടുത്തുവാനായി എത്രയെത്ര വേഷങ്ങൾ! മാലാഖയ്ക്ക് അഹങ്കാരം കൂടി നിപതിച്ചപ്പോൾ ലൂസിഫർ ആയത് പലരുടെയും മനസ്സിലേക്ക് കടന്നുവരുന്ന കഥകളിൽ ഒന്നാവാനും വഴിയുണ്ട്.

85-ാം കാനോനയിൽ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യം ''ഗൗരവമായ കാരണമുള്ളപ്പോൾ'' എന്നുള്ളതാണ്. For a serious reason (gravi de causa) എന്ന് പറഞ്ഞിരിക്കുന്ന "ഗൗരവമായ കാരണം" പൗരസ്ത്യകാനോന സംഹിതയിലും ലത്തീൻസഭയുടെ കാനൻ നിയമത്തിലും പലയിടങ്ങളിലും കാണുന്നുണ്ട്. ഉദാഹരണത്തിന് പൗരസ്ത്യകാനോന സംഹിതയിൽ 490-ാം കാനോനയിൽ നിർബന്ധിത ബഹിർവാസ ഡിക്രിയിറക്കുവാൻ ഗൗരവമായ കാരണം വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 552-ാം കാനോനയിൽ നിത്യവ്രതം ചെയ്ത ഒരു സന്യാസിയെ അഥവാ സന്യാസിനിയെ അംഗമായിരിക്കുന്ന സന്യാസസഭയിൽനിന്ന് ഡിസ്മിസ്സ് ചെയ്യുന്നതിനുള്ള കാരണങ്ങൾ ഗൗരവതരമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇവിടെയെല്ലാം പ്രസക്തമായ ചോദ്യം, ഗൗരവതരമാണോ കാരണമെന്ന് നിശ്ചയിക്കുന്നതാരാണ്; അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്നുള്ളവയാണ്. അതിന്റെ ഉത്തരം ഉത്തരവാദിത്തപ്പെട്ട മേലധികാരിയാണ് ഇങ്ങനെയുള്ള കാര്യങ്ങളിൽ കാരണം ഗൗരവമുള്ളതാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത് എന്നതുതന്നെ. ആ അധികാരിയുടെ വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് തീരുമാനമെടുക്കുമ്പോൾ അതിൽ പരാതിയുള്ളവർക്ക് 999-ാം കാനോനപ്രകാരം അതേ അധികാരിയോടും അതിനുശേഷം 1000-ാം കാനോന പ്രകാരം ഉന്നതാധികാരിയോടും പരാതിപ്പെടുക മാത്രമേ കരണീയമായി പൗരസ്ത്യകാനൻ നിയമത്തിൽ വ്യവസ്ഥയുള്ളൂ. അതിനാൽ ശ്ലൈഹിക സിംഹാസനത്തോട് ആലോചിച്ചശേഷം സീറോ-മലബാർ സിനഡിന്റെ അംഗീകാരത്തോടുകൂടി എറണാകുളം-അങ്കമാലി രൂപതയെ സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് വിഭജിക്കുകയോ, നിർത്തലാക്കുകയോ (suppress), അധികാരശ്രേണിയിൽ അതിരൂപതയ്ക്കുള്ള പദവിക്ക് മാറ്റം വരുത്തുകയോ, രൂപതാ സിംഹാസനം മാറ്റി സ്ഥാപിക്കുകയോ ചെയ്താൽ അത് നിയമാനുസൃതമുള്ള നടപടി മാത്രമായിരിക്കും. അതിന് എറണാകുളം-അങ്കമാലി അതിരൂപതയിലെ അത്മായരുടെയോ വൈദികരുടെയോ സന്യസ്തരുടെയോ അംഗീകാരമോ, സമ്മതമോ ആവശ്യമില്ല എന്ന് വ്യക്തം.

പ്രഥദൃഷ്ട്യാതന്നെ, എറണാകുളം-അങ്കമാലി അതിരൂപതയെ ബാധിച്ചിരിക്കുന്ന അർബുദ രോഗത്തിന്റെ ലക്ഷണമായി, ആ രൂപതയിലെ വൈദികരുടെ നിയമവിരുദ്ധമായ വിശുദ്ധ കുർബാന അർപ്പണത്തെ കാണാവുന്നതാണ്. ഫ്രാൻസിസ് മാർപാപ്പ രണ്ട് തവണ കത്തെഴുതിയിട്ടും പൗരസ്ത്യ കാര്യാലയം പലയാവർത്തി ആവശ്യപ്പെട്ടിട്ടും സിറോ-മലബാർ സിനഡും മേജർ ആർച്ച് ബിഷപ്പും കൽപ്പനയിട്ടിട്ടും അനുസരിക്കാത്തവർ ചെയ്യുന്നത് നിയമവിരുദ്ധകാര്യങ്ങൾ തന്നെയാണ്. Prevention of Unlawful Activities ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്. ഇന്ത്യൻ ക്രിമിനൽ നിയമത്തിൽ UAPA എന്ന വകുപ്പിലാണ് അത് വരിക.

ഒരു വികാരി അനുസരിച്ചില്ലെങ്കിൽ അനുസരിപ്പിക്കുവാനും അല്ലെങ്കിൽ വേണ്ട ശിക്ഷാനടപടികൾ സ്വീകരിക്കുവാനും മേലധികാരികൾക്ക് സാധിക്കുമെന്നും അതിനുള്ള ധാർമ്മികവും നൈയാമികവുമായ ഉത്തരവാദിത്വവും അവർക്കുണ്ടെന്നും കോടതിവരെ വിധിച്ചിട്ടും ഇതികർത്തവ്യതാമൂഢരായി നിൽക്കുന്ന അധികാരികൾ, അവരുടെ ദൗത്യനിർവഹണത്തിൽ പരാജയപ്പെടുന്നതിന്റെ മൂലകാരണം അതിനുള്ള അറിവോ, ആർജ്ജവമോ അവർക്കില്ലാത്തതോ അഥവാ, ബനഡിക്ട് പതിനാറാമൻ മാർപാപ്പ തെറ്റാണെന്ന് വിശേഷിപ്പിച്ച് തള്ളിക്കളഞ്ഞ, അസ്ഥാനത്തുള്ള അനുകമ്പ (misplaced compassion) ആണോ എന്നേ സംശയമുള്ളൂ.

**ഉപസംഹാരം**

കത്തോലിക്കാസഭയും, അതിനാൽ തന്നെ, സീറോ-മലബാർ സഭയും ഒരു കമ്പനിയല്ല. അതുകൊണ്ട് വിശ്വാസികൾ കമ്പനി ഷെയർ ഹോൾഡേഴ്സു (share holders)മല്ല. കത്തോലിക്കാസഭയിലെ ഭരണാധികാര (power of governance) ത്തെപ്പറ്റി പൗരസ്ത്യകാനോന സംഹിതയിലെ ഇരുപത്തിയൊന്നാം ശീർഷകം

വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. 979-ാം കാനോന അനുസരിച്ച് "തിരുപ്പട്ടം സ്വീകരിച്ചിട്ടുള്ളവർ സഭയിൽ ദൈവസ്ഥാപിതമായുള്ള ഭരണാധികാരത്തിന് നിയമ മാനദണ്ഡപ്രകാരം യോഗ്യതയുള്ളവരാണ്." അതേ കാനോനയുടെ രണ്ടാം ഖണ്ഡിക ഇങ്ങനെ കൂട്ടി ച്ചേർത്തിരിക്കുന്നു: "ഭരണാധികാരം വിനിയോഗിക്കുന്നതിൽ മറ്റ് ക്രൈസ്തവ വിശ്വാസികൾക്ക് നിയമമാനദണ്ഡപ്രകാരം സഹകരിക്കാവുന്നതാണ്." രണ്ട് ഖണ്ഡികകളിലും പറയുന്ന കാര്യം "നിയമമാനദണ്ഡപ്രകാരം" എന്നതാണ്. ആ നിയമമാനദണ്ഡങ്ങളിൽ സിവിൾ നിയമവും കാനൻ നിയമവും ഉൾപ്പെടും; ഓരോ സന്ദർഭമനുസരിച്ച്. ഒരു രൂപതയുടെ അതിർത്തി നിശ്ചയിക്കുന്ന കാര്യത്തിലോ, പുതിയ രൂപതകൾ സ്ഥാപിക്കുന്ന കാര്യത്തിലോ, ഉള്ള രൂപതകൾ വിഭജിക്കുന്ന കാര്യത്തിലോ ഇന്ത്യൻ സിവിൾ നിയമത്തിന് നേരിട്ട് ഒന്നും ചെയ്യുവാനില്ല. കാരണം, കത്തോലിക്കാസഭയോ രൂപതകളോ ഒന്നും സിവിൾ നിയമത്തിന്റെ നിർവചനപരിധിയിൽ വരുന്ന വിഷയങ്ങളല്ല. സിവിൾ നിയമത്തിനുമുൻപിൽ ഇവയെല്ലാം വെറും സ്വകാര്യ സംഘടനകൾ (private organisations) മാത്രം. അതിനാൽ, അതേ സംഘടനകളുടെ നിയമാവലി അനുസരിച്ച് അതിന്റെ ഉത്തരവാദിത്തപ്പെട്ടവർ നടത്തുന്ന ഭരണം സാധുവും നിയമാനുസൃതവുമായി മാത്രമേ സിവിൾ കോടതിക്കും വിധിക്കാനാവൂ.

ഭരണാധികാരത്തെ നിയമനിർമ്മാണപര (legislative) മെന്നും ഭരണനിർവഹണപര (executive) മെന്നും നീതിന്യായപര (judicial) മെന്നും തിരിച്ചിരിക്കുന്നു (CCEO c. 985). സീറോ-മലബാർ സഭയുടെ പിതാവും തലവനുമെന്ന നിലയിൽ ഭരണനിർവഹണപരമായ ഭരണാധികാരമുള്ള വ്യക്തിയാണ് ഈ സഭയുടെ മേജർ ആർച്ച് ബിഷപ്പ്. അദ്ദേഹം നിയമാനുസൃതം എടുക്കുന്ന എല്ലാ തീരുമാനങ്ങളും സഭാംഗങ്ങളെല്ലാവരും അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. അദ്ദേഹം നിയമാനുസൃതമായ മാർഗ്ഗത്തിലൂടെ സ്വതന്ത്രമായി നടന്ന ഇലക്ഷനിലൂടെ ഭരണാധികാരിയായിത്തീർന്ന വ്യക്തിയാണ്.

അതിനാൽ ഓഗസ്റ്റിൽ നടക്കുന്ന സിനഡിന്റെ അംഗീകാരത്തോടുകൂടി അദ്ദേഹം ഈ വിഷയത്തിൽ 'നിയമമാനദണ്ഡപ്രകാര'മെടുക്കുന്ന ഏത് തീരുമാനവും സാധുവും നൈയാമികവുമായിരിക്കും; തീർച്ച.